245 വാർഡർമാരും 81 ഹെഡ് വാർഡർമാരും മദ്ധ്യ മേഖലയിൽ 184 വാർഡർമാരും 61 ഹെഡ് വാർഡർമാരും ദക്ഷിണ മേഖലയിൽ 306 വാർഡർമാരും 101 ഹെഡ് വാർഡർമാരും ഉണ്ട്.

(ബി) 3:1 അനുപാതം അനുസരിച്ച് വാർഡർമാർക്ക് ഹെഡ് വാർഡർമാരായി പ്രൊമോഷൻ നൽകിയപ്പോൾ ഹെഡ് വാർഡർ തസ്തികകളുടെ എണ്ണം കൂടുകയുണ്ടായതുമൂലം വാർഡർ തസ്തികയുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതാണ്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

തടവുകാരുടെ ക്ഷേമത്തിനായി വകയിരുത്തിയിട്ടുള്ള തുക

28 [830] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തടവുകാരുടെ ക്ഷേമത്തിനായി ഈ സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തടവുകാരുടെ ഏതൊക്കെ ക്ഷേമ പ്രവർത്തനത്തിനാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളത്;

(സി) ഇതിനകം എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) പ്രസ്തുത പദ്ധതിക്കുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ജി) ക്ഷേമ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുപ്പത് ലക്ഷം രൂപ.

(ബി) തടവുകാരുടെ ആവശ്യത്തിന് പാചക പാത്രങ്ങളും അടുക്കള ഉപകരണങ്ങളും ആഹാരം കഴിക്കുന്നതിനും വെള്ളം കുടിക്കുന്നതിനും വേണ്ട പാത്രങ്ങളും വാങ്ങിക്കുന്നതിനും അവരുടെ വിനോദ പരിപാടികൾക്കും ഇൻഡോർ/ഔട്ട് ഡോർ ഗെയിംസിനും കൂടാതെ ജയിൽ ഉദ്യോഗസ്ഥർക്ക് റീ ഓറിയന്റേഷൻ കോഴ്സ്, സംസ്ഥാനതല കറക്ഷണൽ സെമിനാർ, ജയിലുകളിൽ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും ആണ് തുക വകയിരുത്തിയിട്ടുള്ളത്.

(സി—ജി) തടവുകാരുടെ ക്ഷേമ പദ്ധതിയ്ക്കായി സർക്കാരിൽ ലഭ്യമായ പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആവശ്യംവേണ്ട കൂടുതൽ വിവരങ്ങൾ വീണ്ടും ലഭ്യമാക്കി നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തതനുസരിച്ച് 10-2—2006-ലെ സ.ഉ. (സാധാ.) നമ്പർ 370/2006/ആഭ്യന്തരം പ്രകാരം 12 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ക്ഷേമ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly